**File No.NREGA/893/2022-A3**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

---

തീയതി : 10/04/2023

**<u>അടിയന്തിര ക്വട്ടേഷൻ നോട്ടീസ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസ്സിലേക്ക് കരാറടിസ്ഥാനത്തിൽ ഒരു കാർ ഡ്രൈവറോടുകൂടി വാടകയ്ക്ക് നൽകാൻ തയ്യാറുള്ള വാഹന ഉടമകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ 17/04/2023 ഉച്ചയ്ക്ക് 3 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 3.15 മണിക്ക് തുറക്കുന്നതുമാണ് . ക്വട്ടേഷൻ സംബന്ധിച്ച നിബന്ധനകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. ക്വട്ടേഷൻ വിശദാംശങ്ങളും ഫോറവും സംസ്ഥാന മിഷന്റെ വെബ് സൈറ്റിലും പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും അറിയാൻ കഴിയുന്നതാണ്. ക്വട്ടേഷനുകൾ നൽകുന്ന കവറിന്റെ പുറത്ത് മുകൾ ഭാഗത്ത് " കാർ വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ .നോട്ടീസ് തീയതി.................... " എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ ലഭിക്കേണ്ട വിലാസം ചുവടെ ചേർക്കുന്നു.

*മിഷൻ ഡയറക്ടർ*
*മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി*
*പബ്ലിക് ഓഫീസ് ,മൂന്നാം നില , റെവന്യൂ കോംപ്ലക്സ്*
*വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033*

വിശ്വസ്തതയോടെ

**LAZAR A**
**JOINT DEVELOPMENT COMMISSIONER**
**മിഷൻ ഡയറക്ടർക്കുവേണ്ടി**

അംഗീകാരത്തോടെ

ഫിനാൻസ് മാനേജർ

**<u>അനുബന്ധം</u>**

**<u>നിബന്ധനകൾ</u>**

1.ക്വട്ടേഷനിൽ ഒരു വാഹനം ലഭ്യമാക്കാവുന്ന മണിക്കൂറും ഒരു മാസം ഓടാവുന്ന ആകെ കിലോ മീറ്റർ അതിന്റെ മാസ നിരക്കും രേഖപ്പെടുത്തേണ്ടതും മേൽപ്പറഞ്ഞ നിശ്ചിത സമയത്തിനപ്പുറം വാഹനം ഉപയോഗിക്കുന്ന പക്ഷം മണിക്കൂറിന് ഈടാക്കുന്ന നിരക്കും

മാസത്തിൽ ഓടാവുന്ന നിരക്കിനു അധികമായി ഓടുന്ന ദൂരത്തിന് ഓരോ കിലോ മീറ്ററിനും അധികമായി ആവശ്യപ്പെടുന്ന നിരക്കും ക്വട്ടേഷൻ ഇതിനോടൊപ്പമുള്ള ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രത്യേകമായി കാണിക്കേണ്ടതാണ്. എന്നാൽ ഏറ്റവും കുറഞ്ഞ മാസ നിരക്കിൽ അധികമായി ഓടുന്ന തുക മൂന്ന് മാസത്തെ ഓട്ടത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും അനുവദിക്കുന്നത്.

2. ഡ്രൈവറുടെ വേതനം , മറ്റ് ആനുകൂല്യങ്ങൾ ,ഇന്ധന , റിപ്പയറിംഗ് ചെലവുകൾ എന്നിവ വാഹൻ ഉടമ തന്നെ വഹിക്കേണ്ടതാണ്.

3. കരാർ തുക ക്വാട്ട് ചെയ്യുമ്പോൾ എല്ലാ ഇനം നികുതികളും , ചെലവുകളും ചേർത്തുള്ള തുക ക്വാട്ട് ചെയ്യേണ്ടതാണ്.

4. കരാറുകാരന് പാൻ കാർഡ് , ബാങ്ക് അക്കൗണ്ട് എന്നിവ ഉണ്ടായിരിക്കേണ്ടതും സംസ്ഥാന മിഷൻ നിശ്ചയിക്കുന്ന വിധത്തിൽ ബാങ്ക് വഴി പേയ്മെൻറ് ലഭിക്കുന്നതിനുള്ള രേഖകൽ ഹാജരാക്കേണ്ടതുമാണ്.

5. ലഭ്യമാക്കുന്ന വാഹനം 2017 ലോ അതിനു ശേഷമോ രജിസ്റ്റർ ചെയ്തവയും ഒരു ലക്ഷത്തിൽ താഴെ കിലോ മീറ്റർ ഓടിയതും മികച്ച പ്രവർത്തന ക്ഷമ ഉള്ളതുമായിരിക്കണം.

6. ക്വട്ടേഷൻ നിബന്ധനകളിലെ വിവിധ ഘടകങ്ങൾ പരിഗണിച്ച് ആകെ ഏറ്റവും കുറഞ്ഞ നിരക്കിൽ വാഹനം ലഭ്യമാക്കുന്നവർ ക്വട്ടേഷൻ നല്കുന്നതായിരിക്കും.

7. കൂടുതൽ സൌകര്യങ്ങളും ഉയർന്ന ക്ലാസ്സിലുമുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നവർക്ക് ടെണ്ടർ തുകയിൽ അതിനനുസൃതമായ മുൻഗണന നൽകുന്നതുമാണ്.

8. വാഹനത്തിൽ ദുർഗന്ധമുണ്ടാകാതെയും പൊടിപടലങ്ങൾ ഇല്ലാതെയും അകവും പുറവും ദൈനംദിനം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

9. ക്വട്ടേഷൻ നോട്ടീസിൽ ഇല്ലാത്തതും നിബന്ധനകളോടെ നൽകുന്നതുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

10. ടെണ്ടർ ഉറപ്പിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വാഹനം വാഹന രേഖകൾ ഉൾപ്പെടെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

11. കരാർ ഉറപ്പിച്ച അറിയിപ്പ് ലഭിച്ച നിശ്ചയിക്കപ്പെട്ട തീയതികളിൽ സ്വന്തം ചെലവിൽ കരാർ വയ്ക്കേണ്ടതും വയ്ക്കാത്തപക്ഷം അടുത്തയാൾക്ക് കരാർ നൽകുന്നതും തുടർന്നുള്ള ക്വട്ടേഷനുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്നതുമാണ്.

12. കരാർ കാലയളവിൽ ഒരു കാരണവശാലും തുക വർദ്ധിപ്പിക്കുന്നതല്ല .

13. വാഹനം ഓഫീസിൽ നിന്ന് അനുമതി കൂടാതെയും ലോഗ് രേഖപ്പെടുത്താതെയും കൊണ്ടുപോകാൻ പാടുള്ളതല്ല .

14. ക്വട്ടേഷൻ സംബന്ധിച്ചുള്ള സർക്കാരിന്റെ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

15. എല്ലാ ക്വട്ടേഷൻ / ടെണ്ടർ രേഖകളും കരാറിന്റെ ഭാഗമാകുന്നതായിരിക്കും.

16. ക്വട്ടേഷൻ യാതൊരു കാരണവും രേഖപ്പെടുത്താതെ റദ്ദ് ആക്കാനുള്ള പൂർണ്ണ അവകാശം മിഷൻ ഡയറക്ടർക്ക് ആയിരിക്കും .

**JOINT DEVELOPMENT COMMISSIONER**

**ഫാറം**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന ഓഫീസ് വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ ഫാറം**

(ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്)

File No.NREGA/893/2022-A3

| | | |
|---|---|---|
| 1 | ക്വട്ടേഷൻ നൽകുന്ന വാഹന ഉടമസ്ഥൻറെ /ഏജൻസിയുടെ പേര്, പൂർണ്ണമായ പേര്, മേൽവിലാസം, (പിൻകോഡ് ഉൾപ്പെടെ) | |
| 2 | ഫോൺ നമ്പർ/ ഇ-മെയിൽ വിലാസം | |
| 3 | ലഭ്യമാകുന്ന വാഹനത്തിൻറെ പേര്, മറ്റ് വിവരങ്ങൾ | |
| 4 | രജിസ്ട്രേഷൻ മാസവും വർഷവും | |
| 5 | ലഭ്യമാക്കുന്ന വാഹനം ഇതുവരെ ഓടിയ കിലോമീറ്റർ റീഡിംഗ് | |
| 6 | വാഹന ഉടമസ്ഥൻറെ മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്നതിന് ക്വട്ടേഷനോടൊപ്പം വയ്ക്കുന്ന രേഖകൾ, ആധാർകാർഡ്/ പാൻകാർഡ്/ ഡ്രൈവിംഗ് ലൈസൻസ് (ഏതെങ്കിലും ഒന്നിൻറെ പകർപ്പ് വയ്ക്കുക) | |
| 7 | വാഹനം ഒരു ദിവസം എത്രമണിക്കൂർ ലഭ്യമാക്കുമെന്നും അതിനുള്ള നിരക്കും | ..........മണിക്കൂർ/ ദിവസം |
| 8 | വാഹനം ഒരു ദിവസം ഓടാവുന്ന കിലോമീറ്ററും അതിന് ആവശ്യപ്പെടുന്ന നിരക്കും | .......km/ഒരു മാസം/.......... രൂപയ്ക്ക് ഓടും |
| 9 | വാഹന ക്രമനമ്പർ 7 ൽ കാണിച്ചിട്ടുള്ള സമയത്തിന് അപ്പുറമായി ലഭ്യമാക്കുന്ന ഓരോ മണിക്കൂറിനും ആവശ്യപ്പെടുന്ന നിരക്ക് | Rs.................മണിക്കൂർ/ ദിവസം |
| 10 | വാഹനം ക്രമനമ്പർ 8-ൽ കാണിച്ചിട്ടുള്ള സമത്തിന് അപ്പുറമായി ( മാസത്തിൽ ഓടുന്ന നിശ്ചിത കിലോമീറ്ററിന് അപ്പുറം) ഓടുന്ന ഓരോ കിലോമീറ്ററിനും ആവശ്യപ്പെടുന്ന നിരക്ക് | അധികമായുള്ള ഓരോ കിലോമീറ്ററിനും ... രൂപയ്ക്ക് ഓടുന്നതാണ്. |

കരാർ കാലയളവിൽ സംസ്ഥാനമിഷൻ ആവശ്യപ്പെടുന്ന ഗുണനിലവാരമുള്ളതും ഗതാഗത വകുപ്പും കേന്ദ്ര- സംസ്ഥാന സർക്കാരുകൾ നിശ്ചയിച്ചിട്ടുള്ള എല്ലാ നിയമങ്ങളും പാലിച്ച് പ്രവർത്തിക്കുന്നതും നികുതികളും മറ്റ് അടവുകളും അടയക്കുന്നതു ലൈസൻസ് ഉള്ളതും കുറഞ്ഞത് 5 വർഷം വാഹനം ഓടിച്ച് പരിചയമുള്ളതുമായ ഡ്രൈവർ സഹിതം ലഭ്യമാക്കുന്നതാണെന്നും വാഹനത്തിനും ഡ്രൈവർക്കും യാത്രക്കാർക്കും ഉണ്ടാകുന്ന അപകടങ്ങൾ, കേട്ടുപാട്ടുകൾ എന്നിവയ്ക്ക് വാഹന പരിരക്ഷയും ലൈഫ് ഇൻഷ്വറൻസ് പരിരക്ഷയും സ്വന്തം ചെലവിൽ എടുക്കുന്ന വാഹന ഇൻഷ്വറൻസുകളിലൂടെ വഹിക്കുന്നതാണെന്നും സമ്മതിച്ചു കൊണ്ട് മേൽ സൂചിപ്പിച്ച നിരക്കുകളിൽ വാഹനം നൽകുന്നതിനും ഓടുന്നതിനും സമ്മതമാണെന്നും ഇത് ഞാൻ തന്നെ രേഖപ്പെടുത്തി ഒപ്പ് വച്ചിട്ടുള്ളതുമാണെന്നും ഇവ കരാറിൻറെ ഭാഗമാക്കുന്നതിന് സമ്മതമാണെന്നും പ്രസ്താവിക്കുന്നു.

(ഒപ്പ്)

പേര്

മേൽവിലാസം